# പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**ബുള്ളറ്റിൻ - ഭാഗം II**

2024 മെയ് 26

നം. 501

**അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതി പ്രമേയങ്ങൾക്കും അനൗദ്യോഗിക പ്രമേയങ്ങൾക്കും നോട്ടീസ് നൽകുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള നറുക്കെടുപ്പ് സംബന്ധിച്ച സമയക്രമം**

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിന്റെ കലണ്ടർ പ്രകാരം 2024 ജൂൺ 21, 28 ജൂലൈ 5, 12, 19 എന്നീ തീയതികളിൽ അനൗദ്യോഗികാംഗങ്ങളുടെ കാര്യം സഭയിൽ ചർച്ചയ്ക്ക് വരുന്നതാണെന്ന വിവരം അംഗങ്ങളെ അറിയിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ, 1993 മെയ് 10-ാം തീയതിയിലെ ഡയറക്ഷൻ നമ്പർ 15 പ്രകാരം ആദ്യ വെള്ളിയാഴ്ച, അനൗദ്യോഗിക ബില്ലുകളും തുടർന്നുള്ള ഒന്നിടവിട്ട വെള്ളിയാഴ്ചകളിൽ യഥാക്രമം അനൗദ്യോഗിക പ്രമേയങ്ങളും അനൗദ്യോഗിക ബില്ലുകളും ചർച്ചയ്ക്ക് വരുന്നതാണ്. അതിൻപ്രകാരം 21.06.2024, 05.07.2024, 19.07.2024 എന്നീ തീയതികളിൽ അനൗദ്യോഗിക ബില്ലുകൾ അവതരിപ്പിക്കുന്നതിന് അർഹതപ്പെട്ട അംഗങ്ങളുടെ പേരും മുൻഗണനാക്രമവും നറുക്കെടുപ്പിലൂടെ നിർണ്ണയിക്കുന്നതാണ്. നറുക്കെടുപ്പിൽ പുതിയതായി അനൗദ്യോഗിക ബിൽ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ അതിനായി നോട്ടീസ് നൽകേണ്ട അവസാന തീയതിയും നറുക്കെടുപ്പ് നടത്തുന്ന തീയതിയും കാണിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| അനൗദ്യോഗിക ബില്ലുകൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം | നറുക്കെടുപ്പിൽ ബില്ലുകൾ ചേർക്കുന്നതിന് നോട്ടീസ് നൽകേണ്ട തീയതി (ബിൽ സഹിതം) | നറുക്കെടുപ്പ് നടത്തുന്ന തീയതി |
|---|---|---|
| 2024 ജൂൺ 21, വെള്ളി | 2024 ജൂൺ 5, ബുധൻ | 2024 ജൂൺ 12, ബുധൻ |
| 2024 ജൂലൈ 5, വെള്ളി | 2024 ജൂൺ 19, ബുധൻ | 2024 ജൂൺ 26, ബുധൻ |
| 2024 ജൂലൈ 19, വെള്ളി | 2024 ജൂലൈ 3, ബുധൻ | 2024 ജൂലൈ 10, ബുധൻ |

മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച ഡയറക്ഷൻ പ്രകാരം 28.06.2024, 12.07.2024 എന്നീ തീയതികളിൽ അനൗദ്യോഗിക പ്രമേയങ്ങൾ സഭയിൽ ചർച്ചയ്ക്ക് വരുന്നതാണ്. പ്രസ്തുത ദിവസങ്ങളിൽ പ്രമേയം അവതരിപ്പിക്കുന്നതിന് അർഹതപ്പെട്ട അംഗങ്ങളുടെ പേരും മുൻഗണനാക്രമവും നറുക്കെടുപ്പിലൂടെ നിർണ്ണയിക്കുന്നതാണ്.

നറുക്കെടുപ്പിൽ അർഹരാകുന്ന ആദ്യത്തെ മൂന്ന് അംഗങ്ങൾക്ക് ഓരോ പ്രമേയത്തിനു വീതം നോട്ടീസ് നൽകാവുന്നതാണ്. നറുക്കെടുപ്പിൽ പേര് ചേർക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ അതിനായി നോട്ടീസ് നൽകേണ്ട അവസാന തീയതിയും നറുക്കെടുപ്പ് നടത്തുന്ന തീയതിയും നറുക്കെടുപ്പിൽ അർഹരാകുന്ന അംഗങ്ങൾ പ്രമേയത്തിന് നോട്ടീസ് നൽകേണ്ട അവസാന തീയതിയും കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

| അനൗദ്യോഗിക പ്രമേയങ്ങൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം | നറുക്കെടുപ്പിൽ പേര് ചേർക്കുന്നതിന് നോട്ടീസ് നൽകേണ്ട തീയതി | നറുക്കെടുപ്പ് നടത്തുന്ന തീയതി | നറുക്ക് കിട്ടുന്ന അംഗങ്ങൾ പ്രമേയത്തിന് നോട്ടീസ് നൽകേണ്ട തീയതി |
|---|---|---|---|
| 2024 ജൂൺ 28, വെള്ളി | 2024 ജൂൺ 17, തിങ്കൾ | 2024 ജൂൺ 19, ബുധൻ | 2024 ജൂൺ 21, വെള്ളി |
| 2024 ജൂലൈ 12, വെള്ളി | 2024 ജൂലൈ 1, തിങ്കൾ | 2024 ജൂലൈ 3, ബുധൻ | 2024 ജൂലൈ 5, വെള്ളി |

അനൗദ്യോഗിക ബില്ലുകളുടെ / പ്രമേയങ്ങളുടെ മുൻഗണനാക്രമം നിർണ്ണയിക്കുന്നതിനുള്ള നറുക്കെടുപ്പ് മുകളിൽ കൊടുത്തിരിക്കുന്ന പട്ടികകളിൽ പറയുന്ന തീയതികളിൽ രാവിലെ 11.00 മണിക്ക് ലെജിസ്ലേഷൻ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ (റൂം. നമ്പർ 408, നിയമസഭാ മന്ദിരം) വച്ച് നടത്തുന്നതാണ്.

**ഷാജി സി. ബേബി**

**സെക്രട്ടറി-ഇൻ-ചാർജ്ജ്**

# FIFTEENTH KERALA LEGISLATIVE ASSEMBLY

ELEVENTH SESSION

**BULLETIN - PART II**

26th May, 2024

No. 501

***Time Schedule of Ballot to determine priority of Members giving notice for moving motions for leave to introduce Private Members' Bills and for introducing Private Members' Resolutions***

Members are hereby informed that the days allotted for transacting Private Members' Business are on 21.06.2024, 28.06.2024, 05.07.2024, 12.07.2024, 19.07.2024 as per the Calendar of Sittings of the Eleventh Session of the Fifteenth Kerala Legislative Assembly. The Private Members' Business will come up in such a manner that the business relating to Private Members' Bills and that relating to Private Members' Resolutions shall be taken up for discussion on alternate Fridays commencing with the business relating to Private Members' Bills as per the Direction No. 15 of the Hon'ble Speaker dated 10th May 1993. As such, the Business relating to Private Members' Bills will come up on 21.06.2024, 05.07.2024, 19.07.2024. The relative precedence of Members entitled to move Bills on the allotted days will be determined by ballot. The last date for giving notice for Private Members Bills to be included newly in the ballot and the date of ballot is as shown in the table below.

| Date of discussion of Private Members' Bills | Last date for giving notice for Private Members Bills to be included newly in the Ballot (With Copy of Bills) | Date of Ballot |
|---|---|---|
| 2024 June 21 Friday | 2024 June 5 Wednesday | 2024 June 12 Wednesday |
| 2024 July 5 Friday | 2024 June 19 Wednesday | 2024 June 26 Wednesday |
| 2024 July 19 Friday | 2024 July 3 Wednesday | 2024 July 10 Wednesday |

As per the Direction mentioned in pre-para, the business relating to Private Members' Resolutions will come up on 28.06.2024 & 12.07.2024. The relative precedence of Members entitled to move resolutions on the allotted days will be determined by ballot.

The Members who secure the first three places in the ballot for resolutions may give notice for one resolution each. The last day on which notice is to be given for including the names of Members in the ballot, the date of ballot and the date before which a Member who wins in the ballot has to give notice for the resolutions are as shown in the table given below.

| Date of discussion of Private Members' Resolutions | Last date for giving notice for names to be included in the Ballot | Date of Ballot | Date before which notice of resolution has to be given by Members getting priority in the Ballot |
|---|---|---|---|
| 2024 June 28 Friday | 2024 June 17 Monday | 2024 June 19 Wednesday | 2024 June 21 Friday |
| 2024 July 12 Friday | 2024 July 1 Monday | 2024 July 3 Wednesday | 2024 July 5 Friday |

The ballot to determine the relative precedence of Private Members' Bills and Resolutions will be held in the Office of the Deputy Secretary, Legislation (Room No.408, Assembly Building) at 11.00 AM on the dates mentioned in the above tables.

Shaji C. Baby,
Secretary-In-Charge.